# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 367 | 16/03/2017 -ലെ മറുപടിക്ക്

# കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ

## ചോദ്യം

ശ്രീമതി. യു.പ്രതിഭാ ഹരി

ശ്രീ. എസ്.ശർമ്മ

ശ്രീ. എം.മുകേഷ്

(എ) സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച് പണി ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ;

## മറുപടി

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ സംസ്ഥാനത്തെ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികളിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, കൊല്ലം കോർപ്പറേഷൻ രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം, കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം, പൊന്നാനിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി, തൊടുപുഴ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം, മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയ്ക്ക്

909 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചതനുസരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും വിതരണ ശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്നതുമായ പദ്ധതികളായ ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി - വിതരണശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, തിരുവാലിയ്ക്കും സമീപ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, നെന്മാറയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 163.1 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കടമക്കുടി പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ എന്നിവ ഒഴികെയുള്ള 6 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി-വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾ

ക്കമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം, പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ പാക്കേജ്-1, നെന്മാറയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം പാക്കേജ്-1 എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ചെയ്യുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികളെ കൂടാതെ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ചീക്കോട് കുടിവെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ, കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാംഘട്ടം, അമ്പലപ്പാറ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, താനൂർ കുടിവെള്ള പദ്ധതി എന്നിവയ്ക്കായി 185 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം ഒഴികെയുള്ള 4 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്ഥലലഭ്യത അനുസരിച്ച് നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ചെയ്യുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 148

ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപി ക്കുന്നതിന് ഭരണാനുമതിക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 433.33 കോടി രൂപയുടെ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (സി) ഗ്രാമീണ കുടിവെള്ള പദ്ധതികളടക്കം വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ അടിയന്തര മായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കാമോ? | (സി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീ കരിക്കുന്നതിനുവേണ്ടി പുമതലയുള്ള ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിനു പുറമെ സൂപ്രണ്ടിംഗ് എഞ്ചിനീയർ/ചീഫ് എഞ്ചിനീ യർ/ഹെഡ് ഓഫീസ്/സർക്കാർ തുടങ്ങിയ വിവിധ തലങ്ങളിൽ പുരോഗതി സംബ ന്ധിച്ച് അവലോകനം നടത്താറുണ്ട്. പ്രവർത്തികൾ സുഗമമായി നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ, മറ്റ് വകുപ്പുകൾ തുടങ്ങി വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/